# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ജൂലൈ 6 | ദീപം 56 | നാളം 18 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# മണിപ്പൂരിൽ മരണമണി മുഴങ്ങുന്നതാർക്കുവേണ്ടി?







അഡ്വ.വി.സി. സെബാസ്റ്റ്യൻ


ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ 2023 മേയ് 3 ന് തുടക്കമിട്ട ആഭ്യന്തരകലാപം അതിരൂക്ഷമായി തുടരുന്നു. വിവിധ ഗോത്രങ്ങളുടെ കലാപമെന്നു കേട്ടിരുന്നെങ്കിലും പിന്നീടത് ക്രൈസ്തവർക്കെതിരേയുള്ള ആക്രമണത്തിലേക്കു വഴിമാറിയതോടെ വർഗീയതയുടെ നിറം പിടിക്കുകമാത്രമല്ല, ക്രൈസ്തവരെ ആക്രമിച്ചു കൊന്നൊടുക്കി ആരാധനാലയങ്ങൾ, സ്കൂളുകൾ, വിവിധ സാമൂഹികസംരംഭങ്ങൾ എന്നിവയൊക്കെ തകർക്കുന്ന രീതിയിലേക്കു വഴിമാറി. കുക്കി, നാഗ എന്നിവയടക്കം മലമ്പ്രദേശങ്ങളിലെ മുപ്പതോളം ഗോത്രവിഭാഗങ്ങളും താഴ്‌വരയിലെ മെയ്ത്തികളും തമ്മിലുണ്ടായ സംഘർഷമാണ് ക്രമേണ നിയന്ത്രണം വിട്ട് വർഗീയകലാപമായും ക്രൈസ്തവർക്കുനേരേയുള്ള കടന്നാക്രമണമായും വഴിമാറിയിരിക്കുന്നത്. ക്രൈസ്തവരുടെ ഭവനങ്ങൾമാത്രമല്ല, അവർ ഒരുമിച്ചു താമസിക്കുന്ന ഗ്രാമങ്ങളൊന്നാകെ അഗ്നിക്കിരയാക്കുകയും പൂർണമായി തകർക്കപ്പെടുകയും ചെയ്തു. വീടുകൾ കൊള്ളയടിക്കപ്പെട്ടു. അനേകായിരങ്ങൾ സ്വന്തം വീടും കൃഷിചെയ്യുന്ന മണ്ണും ഉപേക്ഷിച്ച് ജീവനുംകൊണ്ട് പലായനം ചെയ്തു. കുടിയിറക്കപ്പെട്ടവരുടെയും ഭവനരഹിതരായവരുടെയും എണ്ണം തിട്ടപ്പെടുത്താനാവാത്ത സാഹചര്യം. മലയോരപ്രദേശമൊന്നാകെ ജയിലിലടച്ച പ്രതീതി. ഇന്റർനെറ്റ്, ഇലക്ട്രിസിറ്റി, ഗതാഗതം തുടങ്ങിയവയെല്ലാം ഇല്ലാതായി. നോക്കുകുത്തികളായി നിഷ്ക്രിയസമീപനം സ്വീകരിച്ചിരിക്കുന്ന കേന്ദ്ര-സംസ്ഥാന ഭരണനേതൃത്വങ്ങൾ. കെട്ടടങ്ങാതെ തുടരുകയാണ് മണിപ്പൂരിൽ അഗ്നിജ്വാലയായ കലാപം. തുടക്കത്തിൽ കലാപം ആളിക്കത്തിക്കാൻ ശ്രമിച്ച ഭരണരാഷ്ട്രീയ സംവിധാനങ്ങളിപ്പോൾ നിയന്ത്രണങ്ങൾ നഷ്ടപ്പെട്ട് ഇരുട്ടിൽ തപ്പുന്ന ദയനീയാവസ്ഥയിൽ. ഗോത്രകലാപത്തിൽനിന്ന് ക്രൈസ്തവരുടെ നേർക്കുള്ള ആക്രമണമായി കലാപം വഴിമാറുമ്പോൾ ഇന്ത്യൻ ജനാധിപത്യവും ഭരണഘടനയും നോക്കുകുത്തികളായി പരാജയപ്പെടുന്നു.

### ഗോത്രങ്ങളുടെ ചരിത്രവഴികൾ

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗോത്രങ്ങളുടെ ചരിത്രവും കുടിപ്പകയും ആരെയും ഭയപ്പെടുത്തുന്നതാണ്. ശത്രുഗോത്രങ്ങളിൽപ്പെട്ടവരുടെ പരമാവധി തല അറുത്തുവച്ച് വീരചക്രം സ്വീകരിക്കുന്ന ഗോത്രാചാരങ്ങൾ മണിപ്പൂരിലെ ഗോത്രവർഗങ്ങളുടെ ഇന്നലെകളുടെ ചിത്രമായിരുന്നു. 1960 കൾവരെയും ഈ രീതി അഭിമാനമായി തുടർന്നിരുന്നു. ഇങ്ങനെയുള്ള വിചിത്ര ആചാരാനുഷ്ഠാനങ്ങൾ നടത്തുന്നവരുടെയും മനുഷ്യജീവനു പുല്ലുവിലപോലും കല്പിക്കാത്തവരുടെയുമിടയിലാണ് ക്രൈസ്തവമിഷനറിമാർ ആറുപതിറ്റാണ്ടുമുമ്പ് കടന്നുചെന്നതും ഈ ഗോത്രസമൂഹങ്ങളിൽ മാറ്റത്തിന്റെയും മാനസാന്തരത്തിന്റെയും വിത്തുകൾ വിതറിയതെന്നതും മറക്കരുത്. അങ്ങനെ മാറ്റത്തിനു വിധേയമായി പരസ്പരം സാഹോദര്യം വിളിച്ചുപറയാൻ തുടങ്ങിയ ഒരു സമൂഹത്തെ വീണ്ടും കലാപകാരികളാക്കുകയാണ് ഭരണരാഷ്ട്രീയസംവിധാനങ്ങൾ.

### മണിപ്പൂരിന്റെ രാഷ്ട്രീയം

1947 ൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷം ഉടൻ മണിപ്പൂർ ഇന്ത്യയുടെ ഭാഗമായില്ല. 1949 ലാണ് ഇന്ത്യയോടു ചേർക്കപ്പെട്ടത്. 1972 ൽ സമ്പൂർണസംസ്ഥാനപദവിയും ലഭിച്ചു. മെയ്ത്തിവംശജരാണ് തദ്ദേശീയരായി കണക്കാക്കപ്പെടുന്നത്. കുക്കി, നാഗ ഗോത്രക്കാർ മണിപ്പൂരിലെ കുടിയേറ്റക്കാരാണെന്നാണു പറയപ്പെടുന്നത്. മെയ്ത്തികൾ ചെറിയ താഴ്‌വാരത്തിലും മറ്റുള്ളവർ വിശാലമായ മലയോരങ്ങളിലും ജീവിക്കുന്നു.

2011 ലെ സെൻസസ്പ്രകാരം മണിപ്പൂർസംസ്ഥാനത്തെ ജനസംഖ്യ 27 ലക്ഷമാണ്. 2023 ലെ അനൗദ്യോഗികകണക്കുപ്രകാരം ജനസംഖ്യ 34 ലക്ഷമായി രേഖപ്പെടുത്തുന്നു. ഇതിൽ പ്രബലവിഭാഗമായ മെയ്ത്തി ജനസംഖ്യ 53 ശതമാനവും ബാക്കിയുള്ള വിവിധ പട്ടികവിഭാഗങ്ങൾ 47 ശതമാനവുമാണ്.

മണിപ്പൂരിന്റെ ഭൂപ്രകൃതിയും അറിഞ്ഞിരിക്കണം. മലമ്പ്രദേശങ്ങൾ 90 ശതമാനമെങ്കിൽ സമതലം 10 ശതമാനംമാത്രമാണ്. 65 ശതമാനം മണിപ്പൂർ ജനതയും വസിക്കുന്നത് ഈ 10 ശതമാനം താഴ്‌വാരത്തിലും 35 ശതമാനം വസിക്കുന്നത് മലമ്പ്രദേശങ്ങളിലുമാണ്.

മലമ്പ്രദേശങ്ങളിൽ വസിക്കുന്നവർ ആദിവാസി ഗോത്രവിഭാഗങ്ങളായ പട്ടികവർഗക്കാരാണ്. ഇവരിൽ പ്രമുഖരാണ് കുക്കി, നാഗ ഗോത്രങ്ങൾ. അംഗസംഖ്യയിൽ ഉയർന്നുനിൽക്കുന്ന മെയ്ത്തികൾ ഭൂമിയുടെ 10 ശതമാനംമാത്രമുള്ള താഴ്‌വരയിൽ ജീവിക്കുന്നു. അവർക്കു മലമ്പ്രദേശങ്ങളിൽ ഭൂമി വാങ്ങാൻ കഴിയില്ല. കാരണം, അവർ പട്ടികവർഗത്തിൽപ്പെടുന്നില്ല. അതേസമയം, മലമ്പ്രദേശങ്ങളിലുള്ള പട്ടികവർഗവിഭാഗത്തിലുള്ള കുക്കി, നാഗ ഗോത്രങ്ങൾക്ക് മെയ്ത്തികൾ തിങ്ങിപ്പാർക്കുന്ന താഴ്‌വരയിൽ ഭൂമി വാങ്ങിക്കാം.


▶6


# കൂലിപ്പട്ടാളത്തിന്റെ മറവിൽ പ്രിഗോഷിൻ - പുടിൻ 'നാടക'മോ?








തോമസ് കുഴിഞ്ഞാലിൽ


ഇപ്പോൾ ലോകത്തു ജീവിച്ചിരിക്കുന്ന ഏറ്റവും സ്വാധീനമുള്ള കൂലിപ്പട്ടാള ഉടമയായി കണക്കാക്കപ്പെടുന്ന യെവ്ജെനി പ്രിഗോഷിൻ കാട്ടിയ അതിസാഹസം ഉറ്റമിത്രമായ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനെ അക്ഷരാർഥത്തിൽ വിറപ്പിച്ചുവെന്നാണ് പുതിയ വാർത്ത. യുക്രെയ്ൻ അതിർത്തിയോടു ചേർന്നുകിടക്കുന്ന റഷ്യയിലെ റോസ്തോവ് നഗരത്തിലുള്ള സൈന്യത്തിന്റെ ദക്ഷിണമേഖലാകമാൻഡിന്റെ ആസ്ഥാനം ഒരു വെടിപോലും പൊട്ടിക്കാതെ ഞൊടിയിടയിൽ പിടിച്ചെടുത്ത പ്രിഗോഷിന്റെ നടപടിയാണ് പുടിനെ വിഷമവൃത്തത്തിലാക്കിയത്. റോസ്തോവ്-മോസ്കോ ഹൈവേയിലുള്ള വൊറോനെഷിലെ സൈനികകേന്ദ്രവും പിടിച്ചെടുത്ത പ്രിഗോഷിന്റെ കൂലിപ്പട്ടാളം മോസ്കോയിൽനിന്ന് 418 കിലോമീറ്റർ അടുത്തുള്ള യെലെറ്റ്സ് പട്ടണംവരെ എത്തിയതായി റിപ്പോർട്ടുണ്ട്. മോസ്കോ ലക്ഷ്യമാക്കിയുള്ള തന്റെ പോരാട്ടം നീതിക്കുവേണ്ടിയാണെന്നും അഴിമതിക്കാരും കഴിവുകെട്ടവരുമായ സൈനികനേതൃത്വത്തെ പുറത്താക്കുമെന്നും പ്രിഗോഷിൻ പ്രഖ്യാപിച്ചു.

പ്രതിരോധമന്ത്രി സെർഗെയ് ഷോയ്ഗുവിനെയും സൈനികമേധാവി വലേറി ഗെരാസിമോവിനെയും തൽസ്ഥാനങ്ങളിൽനിന്ന് എത്രയുംവേഗം പറഞ്ഞുവിടണമെന്നു പ്രിഗോഷിൻ പുടിനോടാവശ്യപ്പെട്ടു.


▶12

# അരുത് ചങ്ങാതീ, അടുത്തറിഞ്ഞാൽ ദുരന്തം ഉറപ്പ്



**അഡ്വ. ചാർളി പോൾ**

ലഹരിയെന്ന വൻവിപത്തിനെതിരേ രാജ്യാന്തരസമൂഹത്തെ ഉണർത്തുകയെന്ന ലക്ഷ്യത്തോടെ 1987 മുതൽ ജൂൺ 26 ലോകലഹരിവിരുദ്ധദിനമായി ആചരിക്കുന്നു. ലോകത്തെ ആദ്യ ലഹരിമരുന്നു വിരുദ്ധ യുദ്ധമായി കണക്കാക്കാവുന്ന ചൈനയിലെ ഒന്നാം ഒപ്പിയം (കറുപ്പ്) യുദ്ധത്തിന്റെ (Opium war) ഓർമയിലാണ് ഈ ദിനം തിരഞ്ഞെടുത്തത്. People first: Stop stigma and discrimination, strengthen prevention (പ്രതിരോധം ശക്തിപ്പെടുത്തുക, വിവേചനവും കളങ്കപ്പെടുത്തലും ഇല്ലാതാക്കുക; ജനങ്ങളാണ് മുഖ്യം) എന്നാണ് ഇത്തവണ ഐക്യരാഷ്ട്രസഭ മുന്നോട്ടുവയ്ക്കുന്ന പ്രമേയം. ആഗോളവ്യാപകമായി ലഹരിക്കെതിരായ പ്രതിഷേധസമരങ്ങളും ജനകീയ മുന്നേറ്റങ്ങളും നടത്തുമ്പോഴും ജനങ്ങൾക്കിടയിലുള്ള ലഹരിയുടെ സ്വാധീനം അതിന് ആനുപാതികമായി വളരുന്നുവെന്നത് ആശങ്കയുണർത്തുന്നുണ്ട്. ആഗോളതലത്തിലെ കണക്കുകൾപ്രകാരം 2020 ൽ 275 ദശലക്ഷം ആളുകൾ മയക്കുമരുന്നിനടിമപ്പെട്ടുവെന്നാണ് സൂചിപ്പിക്കുന്നത്. 2010 ലെ അപേക്ഷിച്ച് മയക്കുമരുന്നുപയോഗം 22 ശതമാനം വർദ്ധിച്ചതായി യു.എൻ. ഡ്രഗ്സ് ആൻഡ് ക്രൈം ബ്യൂറോ പറയുന്നു. എല്ലാ രാജ്യങ്ങളിലും മയക്കുമരുന്നുപയോഗം ഓരോ വർഷവും കൂടിവരികയാണ്. ഇന്നു ലോകത്ത് 27 കോടി മനുഷ്യർ ലഹരിക്കടിമപ്പെട്ടിട്ടുണ്ട് എന്നാണ് ഐക്യരാഷ്ട്രസഭയുടെ കണ്ടെത്തൽ.

മയക്കുമരുന്നുകൾ തലച്ചോറിനെയാണ് കടന്നാക്രമിക്കുന്നത്. അതിനാൽ, മസ്തിഷ്കത്തകരാറുകൾ സ്ഥിരമായ അടിമത്തത്തിലേക്ക് ഒരുവനെ നയിക്കും. മാത്രവുമല്ല, ചികിത്സവഴി കരകയറുന്നവർ മയക്കുമരുന്നു കഴിക്കാതെ വർഷങ്ങൾ പിന്നിട്ടിട്ടും മയക്കുമരുന്നുപയോഗത്തിലേക്കു മടങ്ങാനുള്ള സാധ്യത വളരെ കൂടുതലാണ്. ഒറ്റത്തവണ ഉപയോഗംകൊണ്ടു പോലും ലഹരിയാസക്തരാക്കി മാറ്റുന്ന സിന്തറ്റിക് ലഹരികളാണ് ഇന്ന് കുട്ടികൾപോലും ഉപയോഗിക്കുന്നത്. എലിക്കെണിപോലെയാണ് മയക്കുമരുന്നുകൾ. പെട്ടാൽ പെട്ടു. ദുരന്തം ഉറപ്പാണ്.

2023 ജൂൺ 9-ാം തീയതി വന്ന പോലീസ് വിജിലൻസ് റിപ്പോർട്ടു പ്രകാരം ലഹരിമാഫിയായുടെ വലയിൽ കുടുങ്ങിയ 1057 സ്കൂളുകൾ കേരളത്തിലുണ്ട്. വിദ്യാർഥികളെ ലഹരിവാഹകരായി ദുരുപയോഗം ചെയ്യുക മാത്രമല്ല സ്കൂൾപരിസരങ്ങളിൽ ലഹരി സൂക്ഷിക്കാൻ പ്രത്യേക സ്ഥലങ്ങളുമുണ്ടെന്നുള്ള വാർത്ത അമ്പരപ്പിക്കുന്നതാണ്. 2021 ൽ 3922 കേസുകളാണ് എക്സൈസ് ഡിപ്പാർട്ട്മെന്റ് എൻ.ഡി.പി.എസ്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതെങ്കിൽ 2022-23 ൽ അത് 7116 കേസുകളായി വർദ്ധിച്ചിരിക്കുന്നു. 2022-23 വർഷം കുറഞ്ഞ അളവിൽ മയക്കുമരുന്നുമായി പിടിയിലായശേഷം ജാമ്യം ലഭിച്ചത് 421 കുട്ടികൾക്കാണ്. പത്തിനും പതിനഞ്ചിനും ഇടയിലുള്ള പ്രായത്തിലാണ് 70 ശതമാനം പേരും ലഹരിയുപയോഗം തുടങ്ങിയത്.

വ്യക്തികളും സമൂഹവും പ്രത്യേകിച്ച്, വരുംതലമുറ, ലഹരിയുടെ നീരാളിപ്പിടിത്തത്തിൽ അമർന്നിരിക്കുകയാണ്. എങ്ങനെ മുറിച്ചുമാറ്റിയാലും ഭയാനകമായ കരുത്തോടെ വീണ്ടും ആഴത്തിലും വ്യാപ്തിയിലും വേരുപടർത്തുകയാണ് ലഹരിസംഘങ്ങൾ. നഗരങ്ങൾമുതൽ ഗ്രാമങ്ങൾവരെ ലഹരിമരുന്നുകളുടെ ഉപയോക്താക്കളെയും വില്പനക്കാരെയുംകൊണ്ടു നിറയുകയാണ്. സ്കൂൾ പരസരങ്ങളിലും വിദ്യാർഥികൾ സ്കൂളിലേക്കു പോകുന്ന വഴികളിലുമെല്ലാം ലഹരിവില്പനക്കാർ തമ്പടിക്കുന്നു. സംസ്ഥാനത്തെ ഒരു എസ്.പി.യുടെ രണ്ട് ആൺകുട്ടികൾ ലഹരിമരുന്നിനടിമകളാണെന്ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണറുടെ വെളിപ്പെടുത്തൽ ഉണ്ടായതും ഈയടുത്ത ദിവസമാണ്. എല്ലാ റാങ്കിലുമുള്ള പോലീസ് ഉദ്യോഗസ്ഥരുടെ മക്കളിലും ഇത്തരക്കാർ ഉണ്ടെന്നും തിരുവനന്തപുരത്ത് ഒരു സഹപ്രവർത്തകന്റെ കുട്ടി ലഹരിമരുന്നിനടിമയായി മരിച്ചുവെന്നും പോലീസ് ക്വാർട്ടേഴ്സിലാണ് ഇതു സംഭവിച്ചതെന്നുംകൂടി കമ്മീഷണർ പറഞ്ഞത് ഞെട്ടലോടെയാണ് കേരളം ശ്രവിച്ചത്. ചുരുക്കത്തിൽ, ലഹരിയുടെ ഒരു വലിയ അഗ്നിപർവതത്തിനു മുകളിലാണ് കേരളം നിൽക്കുന്നത്.

മണിചെയിൻ മാതൃകയിൽ കേരളത്തിൽ ലഹരിവില്പന വ്യാപിക്കുന്നതായി കേന്ദ്ര ലഹരിവിരുദ്ധ ഏജൻസിയായ നാർകോട്ടിക് കൺട്രോൾ ബ്യൂറോയുടെ ഇന്റലിജൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതീവഗുരുതരമായ ഈ സാമൂഹികപ്രശ്നത്തെ ഇനിയും കണ്ടില്ലെന്നു നടിച്ചാൽ നമുക്കു നഷ്ടമാകുന്നത് ഒരു തലമുറയെയാവും. പോലീസും എക്സൈസുംമാത്രം വിചാരിച്ചാൽ തടയാവുന്നതിനപ്പുറമാണ് ലഹരിമാഫിയായുടെ വ്യാപ്തി. എല്ലാ സംവിധാനങ്ങളെയും ഒരുമിച്ച് അണിനിരത്തി പ്രത്യേക കർമപദ്ധതിതന്നെ ആവിഷ്കരിക്കണം. രക്ഷിതാക്കൾക്കും യുവജനപ്രസ്ഥാനങ്ങൾക്കും പൊതുജനത്തിനും ഇതിൽ വലിയ പങ്കുവഹിക്കാനുണ്ട്. ലഹരിയിലേക്ക് ഒഴുകിത്തീരാനുള്ളതല്ല പുതുതലമുറയെന്ന നിശ്ചയദാർഢ്യത്തോടെ നമുക്കു മുന്നോട്ടു നീങ്ങാം. കുടുംബാന്തരീക്ഷത്തിലെ ശാന്തിയും തുറന്ന അഭിപ്രായവിനിമയങ്ങളും കുട്ടികൾക്കു നൽകുന്ന സ്നേഹസമൃദ്ധമായ കരുതലും അവരെ മോശമായ വഴികളിൽനിന്ന് പിന്തിരിപ്പിക്കും. നമ്മുടെ മക്കളുടെ ഭാവിയുടെ താക്കോൽ, രക്ഷിതാക്കളുടെയും അധ്യാപകരുടെയും സർക്കാരിന്റെയും കയ്യിലാണ്. ■




## വഴിയാധാരം

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്



അയാൾ ഒട്ടേറെ പാപകർമങ്ങൾ ചെയ്തു സമ്പാദിച്ചു. ക്രമേണ, അയാളുടെ സമ്പാദ്യമെല്ലാം ഭാര്യയും മക്കളും സ്വന്തമാക്കി.


തന്റെ പാപങ്ങൾ പങ്കിട്ടെടുക്കാൻ മാത്രം ആരുമില്ലെന്ന അറിവ് അയാളെ അസ്വസ്ഥനാക്കി. വഴിയാധാരമായ അയാൾ പിച്ചും പേയും പറഞ്ഞ് അലഞ്ഞുനടന്നു.

കൊള്ളക്കാരനായിരുന്ന രത്നാകരൻ വാല്മീകിയായി എന്നു പുരാണം. എല്ലാ കൊള്ളക്കാരും വാല്മീകിയാവില്ലല്ലോ!

## ഓൾഡ് മോഡൽ കാറിത്

കവിത

**പ്രദീഷ് അരുവിക്കര**



നാലു വീലുമുണ്ടതിൽ
നാരുകണ്ടു തേഞ്ഞത്
ദൂരമെത്ര താണ്ടുവോ?
ദൂരമില്ലതു നിശ്ചയം
മേനിയൊന്നുലാത്തുവാൻ
ആവതില്ലതിനൊട്ടുമേ
ചോര നാറും കരിമ്പുക
കാർക്കിത്തുപ്പി
സൈലൻസറ്
ട്യൂബടഞ്ഞു പോയതിൻ
എൻജിനെന്തു പുകച്ചില്
മാറ്റിവച്ച പാർട്സുകൾ
മാറ്റുവാനിനിയാകുകില്ല
ഓടുവാൻ പണിഞ്ഞെത്ര
കാശു നീ കവർന്നതാ?
ബോഡിയൊക്കെ ചുക്കി
പെയിന്റടർന്നു
വ്രണിതമായി
നരച്ചു യൗവനക്കറുപ്പുമേ
തെളിച്ചമില്ല കാഴ്ചകൾ
ഞാനിറങ്ങി പോംവരെ
തോണിപോൽത്തുഴഞ്ഞുപോ
ഷെഡ്ഡ് കാലിയാകുവാൻ
വട്ടം കൂടിരിക്കയായി
പഴഞ്ചനായി ഭാരമായി
പടി കടത്താനിടം തേടി
ഓൾഡ് മോഡൽ കാറിത്
ഞാനതിനോണറ്

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA



ഡോ. അനഘ ബി. ആർ.




# പകർച്ചവ്യാധികളെ പ്രതിരോധിക്കാം

**കാ**ലവർഷം കനക്കുംമുമ്പേ പകർച്ചപ്പനികളുടെ പിടിയിൽ അകപ്പെട്ടിരിക്കുകയാണ് നമ്മുടെ കൊച്ചുകേരളം. പ്രതിദിനം പതിനായിരത്തിലധികം രോഗികളാണ് പനി ബാധിച്ച് ആശുപത്രികളിൽ എത്തിച്ചേരുന്നത്. ഡെങ്കിപ്പനി, എലിപ്പനി, ഇൻഫ്ളുവൻസ, വൈറൽപനി തുടങ്ങിയവ നാട്ടിലെങ്ങും പടർന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ നമ്മൾ എത്രത്തോളം മുൻകരുതൽ എടുക്കണമെന്നു നോക്കാം.

കൊതുകു പരത്തുന്ന രോഗങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നതാണ് ഡെങ്കിപ്പനി. കൊതുകിനു വളരാനുതകുന്ന സാഹചര്യമാണ് കേരളത്തിലുള്ളത്. അതുകൊണ്ടുതന്നെ ഈ മഴക്കാലത്ത് ഡെങ്കിപ്പനി നാട്ടിൽ വളരെ കൂടുതലാണ്. ഡെങ്കിവൈറസ് ആണ് ഡെങ്കിപ്പനിക്കു കാരണമാകുന്ന രോഗകാരി. അവയെ മനുഷ്യരിലേക്ക് എത്തിക്കുന്നത് ഈഡിസ് ഈജിപ്തി ഇനത്തിൽപ്പെട്ട പെൺകൊതുകുകളാണ്. ഇവ സാധാരണ പകൽസമയങ്ങളിലാണ് കടിക്കാറുള്ളത്. രോഗാണു ശരീരത്തിൽ പ്രവേശിച്ചാൽ ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ പനി, കടുത്ത തലവേദന, കണ്ണിനു ചുറ്റും വേദന, പേശീവേദന, നടുവേദന, ഛർദി, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങൾ ഉണ്ടാകും. ഡെങ്കിപ്പനി ബാധിച്ചവരിൽ പതുക്കെ പ്ലേറ്റ്ലെറ്റുകൾ കുറയാനുള്ള സാധ്യതയും ഉണ്ട്. ഇത് ഗണ്യമായി കുറഞ്ഞുകഴിഞ്ഞാൽ ഡെങ്കി ഹെമറാജിക് ഫിവർ, ഡെങ്കി ഷോക്ക് സിൻഡ്രോം തുടങ്ങിയ സങ്കീർണമായ അവസ്ഥാന്തരങ്ങളിലേക്കു നയിച്ചേക്കാം. ഇത്തരം സാഹചര്യങ്ങളാണ് ഡെങ്കിപ്പനിയെ ഒരു മാരകരോഗമാക്കി മാറ്റുന്നത്. രക്തപരിശോധനയിലൂടെ മാത്രമേ നമുക്കു രോഗനിർണയം നടത്താൻ കഴിയൂ. എന്താണോ ലക്ഷണങ്ങൾ, അവയെയാണ് നമ്മൾ ചികിത്സിക്കുന്നതും.

എലിയുടെയും മറ്റു മൃഗങ്ങളുടെയും മൂത്രത്തിലൂടെ പുറത്തുവരുന്ന ലെപ്ടോസ്പൈറ എന്ന ഇനത്തിൽപ്പെട്ട ബാക്ടീരിയ ഉണ്ടാക്കുന്ന അസുഖമാണ് എലിപ്പനി. മലിനജലവാഹികളായ ഓടകൾ, വയലേലകളിൽ കെട്ടിനിർത്തുന്ന നീർച്ചാലുകൾ തുടങ്ങി ജലം കെട്ടിനിൽക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിലാണ് ഇവയുടെ സാന്നിധ്യം ഉണ്ടാവുക. ബാക്ടീരിയ കലർന്ന ജലവുമായി സ്പർശനത്തിലേർപ്പെടുന്ന ശരീരഭാഗങ്ങളിലുള്ള ചെറിയ മുറിവുകളിൽക്കൂടിയോ പോറലുകളിൽക്കൂടിയോ ഈ രോഗാണു നമ്മുടെ ശരീരത്തിനുള്ളിൽ പ്രവേശിക്കുന്നു. തുടർന്ന് 5–15 ദിവസങ്ങൾക്കുള്ളിൽ രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നു. കടുത്ത പനി, തലവേദന, പേശിവേദന, വിറയൽ, കടുത്ത ക്ഷീണം മുതലായവയാണ് ആദ്യലക്ഷണങ്ങൾ. ചുരുക്കിപ്പറഞ്ഞാൽ, ഒരു ജലദോഷപ്പനിയിൽ തുടങ്ങി ചുരുങ്ങിയ നാൾക്കുള്ളിൽ ശരീരത്തിലെ ഒട്ടുമിക്ക അവയവങ്ങളെയും ബാധിച്ച് അതിസങ്കീർണമായ അവസ്ഥയിലേക്ക് ഇവ നമ്മളെ കൊണ്ടുപോകുന്നു. കരളിനെ ബാധിച്ചാൽ മഞ്ഞപ്പിത്തത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്നു. വൃക്കകളെ ബാധിച്ചാൽ മൂത്രത്തിന്റെ അളവ് കുറയുകയും കാലിനും മുഖത്തും നീരു വരുകയും ചെയ്യുന്നു, ഹൃദയത്തെ ബാധിച്ചാൽ നെഞ്ചുവേദന, ശ്വാസംമുട്ടൽ തുടങ്ങിയ ലക്ഷണങ്ങൾ കാണാം. കൃത്യമായ സമയത്ത് രോഗനിർണയം നടത്തി ചികിത്സ ഉറപ്പാക്കിയില്ലെങ്കിൽ മരണംവരെയും സംഭവിക്കാം. രക്തപരിശോധനയിലൂടെയാണ് രോഗനിർണയം നടത്തുന്നത്. രോഗംവരാൻ സാധ്യതയുള്ള സാഹചര്യങ്ങളിൽ ജോലി ചെയ്യുന്നവർക്ക് (കൃഷിക്കാർ, ഓട വൃത്തിയാക്കുന്നവർ തുടങ്ങിയവർ) രോഗപ്രതിരോധത്തിനുവേണ്ടി ഡോക്സിഡൈക്ലിൻ ഗുളിക ലഭ്യമാണ്. സ്വയചികിത്സ നടത്താതെ തുടക്കത്തിൽത്തന്നെ രോഗം കണ്ടുപിടിച്ചാൽ, പൂർണമായി ചികിത്സിച്ചു മാറ്റാവുന്ന രോഗമാണ് എലിപ്പനി.

ഇതിനോടൊപ്പം ഇൻഫ്ളുവൻസ കേസുകളിലും വൻതോതിൽ വർധനയാണ് ഉണ്ടായിരിക്കുന്നത്. എച്ച് 1 എൻ 1, എച്ച് 3, എൻ 2 ഇൻഫ്ളുവൻസ വൈറസുകളാണ് ഇപ്പോൾ മനുഷ്യരിൽ സീസണൽ ഇൻഫ്ളുവൻസ ഉണ്ടാക്കുന്നത്. പനി, ക്ഷീണം, വിശപ്പില്ലായ്മ, ചുമ, മൂക്കൊലിപ്പ്, തൊണ്ടവേദന, ഓക്കാനം, ഛർദി, വയറിളക്കം എന്നിങ്ങനെയാണ് രോഗലക്ഷണങ്ങൾ. മനുഷ്യരിൽനിന്ന് ഈ വൈറസുകൾ ചുമ, തുമ്മൽ എന്നിവ വഴി ഉണ്ടാകുന്ന ശ്വസനതുള്ളികളിലൂടെയാണ് പകരുന്നത്. ഇൻഫ്ളുവൻസ ചിലരിൽ ന്യുമോണിയയിലേക്കു പരിണമിക്കുന്നു. അക്യൂട് റെസ്പിരേറ്ററി ഡിസ്ട്രസ് സിൻഡ്രോം (എ.ആർ.ഡി.എസ്.), എൻസെഫലൈറ്റിസ്, മൈനിഞ്ചൈറ്റിസ്, മയോകാർഡൈറ്റിസ് തുടങ്ങിയ സങ്കീർണമായ അണുബാധയിലേക്കും നമ്മളെ നയിച്ചേക്കാം. മുതിർന്നവർ, കുട്ടികൾ, മറ്റെന്തെങ്കിലും ആരോഗ്യപ്രശ്നങ്ങൾ ഉള്ളവർ എന്നിവരെ ഇവ ഗുരുതരമായി ബാധിച്ചേക്കാം.

ഗ്രാമത്തിൽനിന്നു വ്യത്യസ്തമായി, നഗരത്തിലെ സമ്പദ്സമൃദ്ധിയിൽ ജനസാന്ദ്രതയ്ക്കു പുറമേ എപ്പോഴും ഭീഷണിയായി നിൽക്കുകയാണ് മാലിന്യസംസ്കരണം. ശരിയായ രീതിയിലുള്ള മാലിന്യസംസ്കരണം നടക്കാത്തതും രോഗവർധനയ്ക്കു കാരണമാകുന്നു. ജനകീയ പിന്തുണയോടുകൂടിയേ ഈ പ്രശ്നം മറികടക്കാൻ നമുക്കു സാധിക്കൂ. നല്ലൊരു നാളേക്കായി നമുക്ക് ഒരുമിച്ചു കൈകോർക്കാം. ■

*എങ്ങനെ പകർച്ചവ്യാധികളെ പ്രതിരോധിക്കാം?*

- വീടും പരിസരവും ശുചിയായി സൂക്ഷിക്കുക.
- കൊതുകുകൾ വളരാൻ സാധ്യതയുള്ള ഉറവിടങ്ങൾ നശിപ്പിക്കുക.
- കൊതുകുവല, മൊസ്കിറ്റോ റിപ്പെലെന്റ്സ് എന്നിവ ഉപയോഗിക്കുക.
- വീട്ടിലുള്ള വെള്ളത്തിലും ഭക്ഷണത്തിലും എലിമൂത്രവും വിസർജ്യവും കലരാത്ത രീതിയിൽ മൂടിവയ്ക്കുക.
- ക്ലോറിനേറ്റ് ചെയ്ത് തിളപ്പിച്ചാറ്റിയ വെള്ളം ഉപയോഗിക്കുക.
- ചൂടുള്ള ഭക്ഷണം മാത്രം കഴിക്കുക.
- വെള്ളക്കെട്ടുകളിൽ ഇറങ്ങി ജോലി ചെയ്യുന്നവർ ബൂട്സ്, കയ്യുറകൾ എന്നിവ ഉപയോഗിക്കുക. അതുപോലെ, രോഗപ്രതിരോധത്തിനുവേണ്ടി ഡോക്സിസൈക്ലിൻ ഗുളിക കഴിക്കുക.
- വെള്ളവും സോപ്പും ഉപയോഗിച്ച് ഇടയ്ക്കിടെ കൈകൾ കഴുകുക.
- മാസ്ക് ഉപയോഗിക്കുകയും ആൾക്കൂട്ടമുള്ള ഇടങ്ങൾ ഒഴിവാക്കുകയും ചെയ്യുക.
- ഇടയ്ക്കിടെ മുഖവും മൂക്കും സ്പർശിക്കുന്നത് ഒഴിവാക്കുക.
- തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മൂക്കും മുഖവും മറയ്ക്കുക.
- ധാരാളം വെള്ളം കുടിക്കുകയും ശരീരത്തിലെ ജലാംശം നഷ്ടപ്പെടാൻ ഇടവരുത്താതിരിക്കുകയും ചെയ്യുക.
- പനി, ശരീരവേദന തുടങ്ങിയ ലക്ഷണങ്ങൾ അനുഭവപ്പെട്ടാൽ സ്വയചികിത്സ നടത്താതെ ആശുപത്രികളിൽ ചികിത്സ തേടുക.
- പൊതുസ്ഥലങ്ങളിൽ തുപ്പാതിരിക്കുക.
- പൊതുസ്ഥലങ്ങളിൽ മലമൂത്രവിസർജനം നടത്താതിരിക്കുക.

---

**ശ്രേഷ്ഠമലയാളം**

ഡോ. ഡേവിസ് സേവ്യർ

## ഋകാരം



**സം**സ്കൃത അക്ഷരമാലയിൽനിന്ന് മലയാളത്തിലേക്കു കടന്നുവന്ന അക്ഷരങ്ങളിൽ ഒന്നാണ് ഋകാരം. സംസ്കൃതത്തിൽ ഋകാരം സ്വരമായതിനാൽ മലയാളത്തിലും അതിനെ സ്വരമായിത്തന്നെ നിലനിർത്തി. ശുദ്ധഭാഷാപദങ്ങളിൽ ഋകാരം സാധാരണമല്ല. സംസ്കൃതതത്സമങ്ങളിലാണ് ഋകാരം ചേർന്ന പദങ്ങൾ കാണുന്നത്. ഋകാരംകൊണ്ടു തുടങ്ങുന്ന പദങ്ങൾ മലയാളത്തിൽ അധികമില്ല. 250 ൽപ്പരം വാക്കുകളേ നവീകരിച്ച നിഘണ്ടുക്കളിൽപ്പോലും കാണുന്നുള്ളൂ. അവയിൽ ഭൂരിപക്ഷവും നിത്യജീവിതത്തിൽ ആവശ്യമില്ലാത്തവയത്രേ! ഋകാരം ചേർന്ന പദങ്ങൾ ഉച്ചരിക്കേണ്ടിവരുമ്പോൾ തദ്ഭവമായി സ്വീകരിക്കുന്ന പ്രവണതയും മലയാളത്തിലുണ്ട്. ഋഷഭം – ഇടവം, വൃത്തി – വിരുത്തി, ശൃംഖല – ചങ്ങല എന്നിങ്ങനെ.

ഋകാരത്തിന്റെ ഉച്ചാരണത്തിലും ശിഥിലതകൾ കടന്നുകൂടിയിട്ടുണ്ട്. ഋഷി എന്നെഴുതി റിഷി, റ്ഷി, റുഷി എന്നെല്ലാം ഉച്ചരിക്കുന്ന രീതിയാണ് ഇന്നുള്ളത്. എഴുത്തും ഉച്ചാരണവും തമ്മിൽ അങ്ങേയറ്റം അടുപ്പമുള്ള ഭാഷയാണല്ലോ മലയാളം. ഈ തത്ത്വം കണക്കിലെടുക്കുകയാണെങ്കിൽ, ഋകാരം എന്ന ലിപി അക്ഷരമാലയിൽനിന്ന് ഒഴിവാക്കാവുന്നതേയുള്ളൂ. തന്നെയുമല്ല, ഉച്ചാരണസ്വഭാവമനുസരിച്ച് ഋകാരം സ്വരമല്ലെന്നു സ്വരവിജ്ഞാനികൾ നിരീക്ഷിച്ചിട്ടുണ്ട്. ഋകാരത്തെ വ്യഞ്ജന–സ്വരസംഹിതയെന്നാണ് അവർ വ്യവഹരിക്കുന്നത്. അതായത്, ആക്ഷരിക വ്യഞ്ജനമാണ് ഋകാരമെന്നു ചുരുക്കം.

ഇക്കാര്യങ്ങളുടെ വെളിച്ചത്തിലാകണം ഡോ. എം. എൻ. കാരശ്ശേരി, ഋഷി–റിഷി, ഋണം – റിണം, ഋതം – റിതം, ഋതു – റിതു എന്നെല്ലാം എഴുതിയാലും തരക്കേടില്ലെന്നു നിരീക്ഷിച്ചത്. "ഇതൊക്കെയാണെങ്കിലും ഋ എന്ന അക്ഷരത്തിന്റെ ഉപലിപി (ൃ എന്ന ചിഹ്നം) നമുക്കു നിലനിർത്തേണ്ടിവരും. ഉദാഹരണമായി, കൃഷി, വൃത്തി, മൃഗം, സൃഷ്ടി തുടങ്ങിയ പദങ്ങളിൽ ആദ്യഭാഗം എഴുതിക്കാണിക്കാൻ ഈ ചിഹ്നം ഉപയോഗിക്കേണ്ടിവരും... ഭാഷ ഉപയോഗിക്കുന്ന സമൂഹത്തിന്റെ ആവശ്യവും സൗകര്യവും അനുസരിച്ചു മാറുന്നതും മാറേണ്ടതുമാണ് ലിപി എന്ന നിലപാടാണ് മേല്പറഞ്ഞ സന്ദർഭങ്ങളിലെല്ലാം നമ്മളെടുത്തത്. ഋ എന്ന ലിപിയുടെ കാര്യത്തിൽ ആ നിലപാടുതന്നെ എടുക്കാവുന്നതേയുള്ളൂ."*

* കാരശ്ശേരി, എം.എൻ. ഡോ., മലയാളവാക്ക്, ഡി.സി. ബുക്സ്, കോട്ടയം, 2012, പുറം – 97, 98.

# മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന് ചരിത്രം സാക്ഷി

*കഴിഞ്ഞ ലക്കം തുടർച്ച*



ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

### 3.5. വി. ജറോമിന്റെ കൃതികൾ

ലത്തീൻസഭാപിതാക്കന്മാരിലെ വിജ്ഞാനികളിൽ വി. ആഗസ്തീനോസ് കഴിഞ്ഞാൽ രണ്ടാം സ്ഥാനം വി. ജെറോമിനാണ്. അതിനുള്ള തെളിവ് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളാണ്. വിവിധ ഭാഷകൾ വശമുണ്ടായിരുന്ന അദ്ദേഹത്തിന് വിവിധ രാജ്യങ്ങളെക്കുറിച്ച് നല്ല അറിവുണ്ടായിരുന്നു. ക്ലാസിക്കൽ, ബിബ്ളിക്കൽ, പട്രിസ്റ്റിക് തുടങ്ങിയ മേഖലകളിലെല്ലാം പ്രാവീണ്യമുള്ള ആളായിരുന്നു അദ്ദേഹം. ഇന്ത്യയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അറിവ് നമ്മെ വിസ്മയിപ്പിക്കുന്നതാണ്. 392ൽ അദ്ദേഹം രചിച്ച 'ദേ വീറിസ് ഇല്ലുസ്ട്രിബൂസ്' (de viris illustribus) എന്ന ഗ്രന്ഥത്തിൽ തോമാശ്ലീഹായുടെ ഭാരതത്തിലെ മിഷൻപ്രവർത്തനത്തെക്കുറിച്ചും മൈലാപ്പൂർ രക്തസാക്ഷിത്വത്തെക്കുറിച്ചും കൂടുതലായി എഴുതുന്നുണ്ട്.

### 3.6. വി. ജോൺ ക്രിസോസ്റ്റോമിന്റെ കൃതികൾ

പ്രസിദ്ധ വാഗ്മിയും പണ്ഡിതനുമായിരുന്ന വി. ക്രിസോസ്റ്റോമിന്റെ പ്രസംഗങ്ങൾ വളരെ പ്രസിദ്ധമാണ്. 387 ൽ അന്ത്യോക്യായിൽവച്ചു നടത്തിയ ഒരു പ്രസംഗത്തിൽ അദ്ദേഹം തോമാശ്ലീഹാ സ്ഥാപിച്ച ഇന്ത്യയിലെ സഭയെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: റോമിലെ സിംഹാസനത്തിൽ ഇരിക്കുന്ന മാർപാപ്പായ്ക്ക് അറിയാം, ഇന്ത്യയിലും ക്രിസ്ത്യാനികൾ ഉണ്ട് എന്ന് (Qui Romae sedet, Indos scit). അദ്ദേഹത്തിന്റെ കാലത്ത് നാലാം നൂറ്റാണ്ടിൽ റോമിൽ എന്നപോലെ ഇന്ത്യയിലും ക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവെന്നാണ് ഇതിൽനിന്നു വ്യക്തമാവുന്നത്. അഞ്ചാം നൂറ്റാണ്ടായപ്പോഴേക്കും അപ്പസ്തോലന്മാർ എവിടെയെല്ലാമാണ് സുവിശേഷം അറിയിച്ചതെന്ന് സഭാപിതാക്കന്മാരുൾപ്പെടെയുള്ള ക്രൈസ്തവ എഴുത്തുകാർക്ക് അറിയാമായിരുന്നു. പാർഥിയാക്കാരോടും ഇന്ത്യാക്കാരോടും തോമാശ്ലീഹാ സുവിശേഷം പ്രസംഗിച്ചുവെന്ന് ക്രിസോസ്റ്റോം എഴുതുന്നു. വടക്കേ ഇന്ത്യ ഉൾപ്പെടുന്ന പാർഥിയായിൽ ഒന്നാമത്തെ പ്രേഷിതയാത്രയിലും 'ഇന്ത്യ' എന്ന് ക്രിസോസ്റ്റോം വിളിക്കുന്ന തെക്കേ ഇന്ത്യയിൽ രണ്ടാം പ്രേഷിതയാത്രയിലുമാണ് തോമാശ്ലീഹാ സുവിശേഷം പ്രസംഗിച്ചത്. തോമാശ്ലീഹായുടെ കബറിടത്തെ സംബന്ധിച്ചും ക്രിസോസ്റ്റോമിനു വ്യക്തമായ അഭിപ്രായമുണ്ട്. അദ്ദേഹം എഴുതുന്നു: "പഴയ നിയമത്തിലെ അഹറോന്റെയും ദാനിയേലിന്റെയും ജറമിയായുടെയും അസ്ഥികൾ എവിടെയെന്നു നമുക്കറിയില്ല; എന്നാൽ, പത്രോസിന്റെയും ജോണിന്റെയും തോമായുടെയും നമുക്കറിയാം." പത്രോസിന്റെയും പൗലോസിന്റെയും കബറിടങ്ങൾ റോമിലാണെങ്കിൽ, തോമായുടേത് ഇന്ത്യയിലാണെന്ന് അക്കാലത്തെ എല്ലാ എഴുത്തുകാർക്കും അറിയാവുന്ന കാര്യമായിരുന്നു എന്നാണ് ഇത് അർഥമാക്കുന്നത്. അതുകൊണ്ടാണ് ഈ അപ്പസ്തോലന്മാരുടെ പൂജ്യാവശിഷ്ടങ്ങളെപ്പറ്റി പറഞ്ഞപ്പോൾ സ്ഥലപ്പേരു കൂടെ ചേർക്കാതിരുന്നത്. റോമിൽ പത്രോസും പൗലോസും എഫേസൂസിൽ യോഹന്നാനും ഇന്ത്യയിൽ തോമായും ആണ് സഭ സ്ഥാപിച്ചതെന്ന് ഇവിടെ വ്യക്തമാക്കുകയാണ്. അതുകൊണ്ട്, പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ കബറിടങ്ങൾകൊണ്ട് റോം ധന്യമാവുകയും അറിയപ്പെടുകയും ചെയ്യുന്നതുപോലെ തോമാശ്ലീഹായുടെ കബറിടംകൊണ്ട് ഇന്ത്യയും അറിയപ്പെടുന്നു എന്നാണ് ക്രിസോസ്റ്റോം അർഥമാക്കുന്നത്.

### 3.7. 'രക്തസാക്ഷികളുടെ മഹത്ത്വം'
### (In Gloria Martyrum)

തോമാശ്ലീഹാ ഇന്ത്യയിലാണു രക്തസാക്ഷിത്വം വരിച്ചതെന്നു വളരെ കൃത്യമായി അവതരിപ്പിക്കുന്ന ഗ്രന്ഥമാണ് ടൂർസിലെ വി. ഗ്രിഗറിയുടെ 'ഇൻ ഗ്ലോറിയാ മാർത്തീരും' എന്ന ഗ്രന്ഥം. മൈലാപ്പൂരിൽ തോമാശ്ലീഹായുടെ കബറിടം സന്ദർശിച്ചു മടങ്ങിവന്ന തിയഡോർ എന്ന ഒരു തീർഥാടകനിൽനിന്നാണ് തനിക്ക് ഇക്കാര്യങ്ങൾ അറിയാൻ കഴിഞ്ഞതെന്ന് ഗ്രിഗറി സമ്മതിക്കുന്നു. ശ്ലീഹായുടെ ഭൗതികാവശിഷ്ടം എദേസ്സായിലേക്കു കൊണ്ടുപോയെങ്കിലും അടക്കം ചെയ്ത സ്ഥലം ഇപ്പോഴും ആളുകൾ സന്ദർശിച്ചുകൊണ്ടിരിക്കുന്നുവെന്ന് അദ്ദേഹം എഴുതുകയാണ്. മൈലാപ്പൂരിൽ ഉണ്ടായിരുന്ന ഒരു സന്ന്യാസാശ്രമത്തെപ്പറ്റിയും അവിടെ ശവകുടീരത്തിൽ പണിതീർത്തിരിക്കുന്ന ഒരു പള്ളിയെപ്പറ്റിയും അവിടെ നടക്കുന്ന തിരുനാളിനെപ്പറ്റിയും അദ്ദേഹം വിവരിക്കുന്നു. തോമാശ്ലീഹായാണ് ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചതെന്നും അദ്ദേഹം രക്തസാക്ഷിയായത് മൈലാപ്പൂരിലാണെന്നും ഭൗതികാവശിഷ്ടം എദേസ്സായിലേക്കു കൊണ്ടുപോയി എന്നുമുള്ള കാര്യങ്ങൾ ആറാം നൂറ്റാണ്ടായപ്പോഴേക്കും ഏവർക്കും അറിയാവുന്ന കാര്യമായിരുന്നു എന്നാണ് ഗ്രിഗറിയുടെ ഈ വിവരണങ്ങളെല്ലാം കാണിക്കുന്നത്.

### 3.8. 'തോമാ ചെയ്ത അദ്ഭുതങ്ങൾ'
### (De Miraculis Beati Thomae)

തോമാശ്ലീഹാ സുവിശേഷമറിയിച്ച ഇന്ത്യയെപ്പറ്റിയും ശ്ലീഹായുടെ രക്തസാക്ഷിത്വത്തെപ്പറ്റിയും സവിസ്തരം



പ്രതിപാദിക്കുന്ന പ്രധാനഗ്രന്ഥമാണ് 'ദേ മിറാക്കുലീസ് ബെയാത്തി തോമ്മേ'. ഇതിലെ ചില ഭാഗങ്ങൾക്ക്, തോമായുടെ നടപടികളിലെ ചില ഭാഗങ്ങളോടു സാദൃശ്യമുണ്ട്. അതിനാൽ, ഈ രണ്ടു പ്രമുഖ ഗ്രന്ഥങ്ങൾ തമ്മിൽ എന്തോ ബന്ധമുണ്ടെന്ന് അനുമാനിക്കാം. ഇവയിൽ ഏറ്റവും പ്രകടമായ സാദൃശ്യം തോമാശ്ലീഹായുടെ ഭൗതികാവശിഷ്ടം എദേസ്സായിലേക്കു കൊണ്ടുപോകുന്ന കാര്യമാണ്. തോമായുടെ നടപടികളുടെ സുറിയാനി മൂലം കേന്ദ്രീകരിച്ച് വില്യം റൈറ്റ് നടത്തിയ പഠനത്തിലും ബഡ്ജാൻ ക്രോഡീകരിച്ച 'ആക്റ്റാ മാർത്തീരും എത്ത് സാങ്തോരും'(Acta Martyrum et Sanctorum) എന്ന ഗ്രന്ഥത്തിലും പറയുന്നത് തോമാശ്ലീഹായുടെ ഭൗതികാവശിഷ്ടം ശ്ലീഹായുടെ രക്തസാക്ഷിത്വത്തിനു കാരണക്കാരനായ രാജാവിന്റെ കാലത്തുതന്നെ - പിന്നീട് അദ്ദേഹം ക്രിസ്ത്യാനിയായി എന്നു പറയുന്ന പാരമ്പര്യമുണ്ട് - എദേസ്സായിലേക്കു കൊണ്ടുപോയി എന്നാണ്. ഇങ്ങനെതന്നെയാണ് 'ദേ മിറാക്കുലീസ് ബെയാത്തി തോമ്മേ'യിലും കാണുന്നത്.

### 3.9. 'തോമായുടെ സഹനം' (PassioThomae)

ലത്തീൻഭാഷയിൽ എഴുതപ്പെട്ട ഈ ഗ്രന്ഥത്തിലും തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിതപ്രവർത്തനത്തെപ്പറ്റി കാണാം. ഭാരതത്തിൽ ശ്ലീഹാ സഹിച്ച വേദനകളും രക്തസാക്ഷിത്വവും ഇതിൽ വിവരിക്കുന്നു. ശ്ലീഹായുടെ ഭൗതികാവശിഷ്ടം എദേസ്സായിലേക്കു കൊണ്ടുപോകുന്നതിനെപ്പറ്റിയും ഇതിൽ കാണാം.

### 3.10. 'രാജ്യങ്ങളെക്കുറിച്ചുള്ള ഗ്രന്ഥം'
### (Ethymologiarum Liber)

ഇന്ത്യ തോമാശ്ലീഹായാലാണ് സുവിശേഷവത്കരിക്കപ്പെട്ടതെന്ന് ഇസിദോർ കൃത്യമായി എഴുതുന്നു. ശ്ലീഹാ സുവിശേഷമറിയിച്ച രാജ്യങ്ങളുടെ ഒരു പട്ടികതന്നെ ഇസിദോർ നൽകുന്നുണ്ട്; പാർഥിയ, മേദിയ, പേർഷ്യ, ഹിർക്കാനിയ, ബാക്ട്രിയ, ഇന്ത്യ എന്നിവ. അദ്ദേഹത്തിന്റെ മറ്റൊരു പുസ്തകമായ 'ദേ ഓർത്തു എത്ത് ഒബീത്തു പാത്രെം' (De Ortu et Obitu Patrem)ൽ മൈലാപ്പൂരിൽ ശ്ലീഹാ വരിച്ച രക്തസാക്ഷിത്വത്തെക്കുറിച്ചു വിവരിക്കുന്നുണ്ട്. വി. ബർത്തലോമിയോ ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചുവെന്ന് ഇസിദോർ എഴുതുന്നു. ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ച അദ്ദേഹം പിന്നീട് അർമേനിയായിലും പ്രവർത്തിച്ച് അവിടെ വച്ച് കിരാതന്മാരാൽ വധിക്കപ്പെട്ടെന്നും അവിടെത്തന്നെ സംസ്കരിക്കപ്പെട്ടെയെന്നും ഇസിദോർ കൃത്യമായി എഴുതുന്നു. ഭൂമിശാസ്ത്രത്തിൽ വളരെ പാണ്ഡിത്യമുണ്ടായിരുന്ന ഇസിദോർ എത്ര കൃത്യമായാണ് തോമാശ്ലീഹായുടെയും ബർത്തലോമിയോയുടെയും (അദ്ദേഹം അർമേനിയായുടെ അപ്പസ്തോലനാണ്) സുവിശേഷപ്രഘോഷണത്തെക്കുറിച്ച് എഴുതുന്നത് എന്ന കാര്യം നമ്മെ അദ്ഭുതപ്പെടുത്തും.

### 3.11. 'ബീഡിന്റെ രക്തസാക്ഷിത്വചരിത്രഗ്രന്ഥം'
### (Martyrologium of Bede)

തോമാ, പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, മത്തായി എന്നിവരുടെ സുവിശേഷപ്രഘോഷണത്തെക്കുറിച്ചാണ് ബീഡ് എഴുതുന്നത്. വിശ്വാസത്തിന്റെ പ്രഘോഷകരും ജനങ്ങളുടെ പ്രബോധകരുമായ അപ്പസ്തോലന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷം അറിയിച്ചു. അതിനുവേണ്ടി പത്രോസിനു ലഭിച്ചത് റോമും അന്ത്രയോസിന് അക്കായിയായും യാക്കോബിന് സ്പെയിനും യോഹന്നാന് ഏഷ്യായും തോമായ്ക്ക് ഇന്ത്യയുമാണ്.

തോമായുടെ രക്തസാക്ഷിത്വത്തെക്കുറിച്ച് അദ്ദേഹം എഴുതുന്നു: ഇന്ത്യാക്കാരോടും മേദിയാക്കാരോടും സുവിശേഷം അറിയിച്ച ശ്ലീഹാ ഇന്ത്യയിൽ രക്തസാക്ഷിത്വം വരിച്ചു. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം ഇന്ത്യയിൽനിന്ന് എദേസ്സായിലേക്കു കൊണ്ടുപോയി ബഹുമതികളോടെ അവിടെ സംസ്കരിച്ചു.

### 3.12. 'ബീ യുടെ ഗ്രന്ഥം' (Book of Bee)

ബസോറയുടെ (Perath-Maishan) മെത്രാനായിരുന്ന സോളമനാണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ്. തോമാശ്ലീഹായെയും ഇന്ത്യയെയും സംബന്ധിച്ച് കുറേ കാര്യങ്ങൾ ഈ ഗ്രന്ഥത്തിൽ കാണാം. അവിടെ ഇങ്ങനെ വായിക്കുന്നു: "ജറുസലേമിൽനിന്നുള്ള, യൂദാഗോത്രത്തിൽ നിന്നുള്ള തോമാ പാർഥിയാക്കാരോടും മേദിയാക്കാരോടും ഇന്ത്യാക്കാരോടും സുവിശേഷം അറിയിച്ചു. ഇന്ത്യയിലെ രാജാവിന്റെ മകളെ ജ്ഞാനസ്നാനപ്പെടുത്തിയതിനാൽ രാജാവ് അദ്ദേഹത്തെ കുന്തത്താൽ കുത്തിക്കൊന്നു." എദേസ്സായിലേക്ക് തോമായുടെ ഭൗതികാവശിഷ്ടം കൊണ്ടുപോയതിനെപ്പറ്റിയും ഈ ഗ്രന്ഥത്തിൽ വിവരണമുണ്ട്.

ടയിറിലെ ഡൊറോത്തേവൂസ്, ഗെലാസിയൂസ്, സിസിക്ക്യൂസ്, തെഡോററ്റസ് സൈറസ്, കോൺസ്റ്റാന്റിനോപ്പിളിലെ തിയേറ്റസ്, ഒഡറിക് വിതാലിസ്, നിസേഫറസ് കലിസ്റ്റസ്, സാറൂഗിലെ ജേക്കബ്, അമാസിയായിലെ അസ്തേരിയൂസ്, നോളായിലെ പൗളിനൂസ്, സിക്കായിലെ അർണോബിയൂസ്, അക്വിലിയായിലെ റൂഫിനൂസ് തുടങ്ങിയവരും അവരുടെ ഗ്രന്ഥങ്ങളിൽ ചിലയിടങ്ങളിൽ തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെക്കുറിച്ച് എഴുതുന്നുണ്ട്.

■

# അച്ഛൻ

കവിത
ജോർജുകുട്ടി താവളം



അച്ഛനാണെൻ ഗുരു
കാവ്യലോകത്തെന്ന-
തുച്ചൈസ്തരം ചൊല്ലാ-
നാഗ്രഹിക്കുന്നു ഞാൻ
വൃത്തമലങ്കാരം
പ്രാസപ്രയോഗവു-
മൊത്തതാം കാവ്യങ്ങൾ
കേട്ടു വളർന്നു ഞാൻ
നർമം കലർന്ന
വചസ്സുകളെപ്പൊഴും
മർമത്തുതന്നെ
പ്രയോഗിച്ചു കാര്യങ്ങൾ
രമ്യമായ്ത്തീർക്കുന്ന
താതന്റെ ചാതുരി
നവ്യമായെന്നും
തിളങ്ങും മനമതിൽ.

# ഹൃദ്രോഗചികിത്സ മുന്നേറ്റത്തിന്റെ പാതയിൽ



ഡോ. ജോർജ് തയ്യിൽ

ഹൃദ്രോഗചികിത്സയിൽ വരാനിരിക്കുന്നത് വിപ്ലവകകരമായ മുന്നേറ്റങ്ങളാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമിതബുദ്ധി മനുഷ്യന്റെ പരിമിതമായ കഴിവുകളെ അതിവിദഗ്ധമായി കടത്തിവെട്ടുന്നതോടെ കൂടുതൽ വേഗത്തിലും കൃത്യതയിലും രോഗപരിശോധനയും ചികിത്സയും സാധ്യമാകുന്നു. കമ്പ്യൂട്ടറുകളുടെ ഉപയോഗം കൂടാതെ മനുഷ്യർക്കു ഭാവിയിൽ ജീവിക്കാൻ പറ്റില്ലെന്ന് ഇതിനകം തെളിഞ്ഞുകഴിഞ്ഞു. നിങ്ങളുടെ മൊബൈൽ ഫോൺ നഷ്ടപ്പെട്ടുവെന്നിരിക്കട്ടെ. നിങ്ങളുടെ മാനസികവ്യവസ്ഥ തകിടം മറിയുന്നതു കാണാം. കാരണം, അതു കിട്ടുന്നതുവരെ നിങ്ങളുടെ പ്രവർത്തനങ്ങൾ അക്ഷരാർഥത്തിൽ സ്തംഭിക്കും. യുവാൻ നോവാ ഹരാരി എന്ന ഇസ്രയേലി ചരിത്രകാരൻ തന്റെ 'ഹോമോദിയൂസ്' എന്ന പ്രഖ്യാതഗ്രന്ഥത്തിൽ ഊന്നിപ്പറയുന്നത് ഇപ്രകാരമാണ്: ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ശാസ്ത്രീയഗവേഷണവ്യവസ്ഥയിലെ ഏറ്റവും പ്രധാനചോദ്യം അധികപ്പറ്റായ മനുഷ്യരെയെല്ലാം എന്തു ചെയ്യുമെന്നതാണ്. എല്ലാക്കാര്യങ്ങളും കൂടുതൽ മികച്ചതായി ചെയ്യാൻ പ്രാപ്തമായ ബോധമെന്നൊന്നില്ലാത്ത അൽഗോരിതങ്ങൾ (പ്രോഗ്രാം ചെയ്യപ്പെട്ട കമ്പ്യൂട്ടറുകൾ) ഉണ്ടായിക്കഴിയുമ്പോൾ ബോധമുള്ള മനുഷ്യർ പിന്നെ എന്തു ചെയ്യും? പണ്ടത്തെ വാഹനമായ കുതിരകളുടെ സ്ഥാനം കാറുകൾ തട്ടിയെടുത്തതുപോലെ വൈദ്യചികിത്സാരംഗത്തും ഡോക്ടർമാർ അധികപ്പറ്റായി വരുന്നു. മസ്തിഷ്കാഘാതമുണ്ടായ ഒരു രോഗി സി.റ്റി. സ്കാൻ പരിശോധനയ്ക്കു വിധേയമാകുമ്പോൾ നിർമിതബുദ്ധി ആ വ്യക്തിയുടെ രോഗനിർണയം ഏറ്റവും സമഗ്രമായി നടത്തുകയും അതിന് ഉതകുന്ന ചികിത്സ നിർദേശിക്കുകയും ചെയ്യുന്നു. ഇവിടെ ഒരു ന്യൂറോളജിസ്റ്റിന്റെ ആവശ്യകത അധികപ്പറ്റായി മാറുന്നു.


കൃത്യമല്ലാത്ത അമിതവേഗത്തിലുള്ള ഹൃദയസ്പന്ദനം (ഏട്രിയൽ ഫിബ്രിലേഷൻ, വെൻട്രിക്കുലർ റ്റാഹികാർഡിയ) ഹാർട്ടറ്റാക്കിനുശേഷമോ അല്ലാത്ത സാഹചര്യങ്ങളിലോ ഉണ്ടാകുന്നു. ഈ സ്പന്ദനവൈകല്യം ഒരു പരിധികഴിഞ്ഞാൽ ബോധക്ഷയമുണ്ടാക്കാം. മരണംതന്നെ സംഭവിക്കും. ഈ സാഹചര്യത്തിൽ ഉടൻ ഡി.സി. ഷോക്ക് കൊടുത്ത് സ്പന്ദനവേഗം സാധാരണനിലയിലെത്തിച്ചാൽ രോഗിയുടെ ജീവൻ രക്ഷിക്കാം. രോഗിയുടെ ഗുരുതരമായ മരണസാധ്യതയെ പരിഗണിച്ച് നെഞ്ചിനുള്ളിൽ ഹൃദയത്തോടു ചേർത്തു വച്ചുപിടിപ്പിക്കാവുന്ന ഐ.സി.ഡി. (ഇംപ്ലാന്റബിൾ കാർഡിയോ വേർട്ടർ ഡിഫ്രിബ്രിലേറ്റർ) സംവിധാനം നിലവിലുണ്ട്. അത് ഒരുവന്റെ ഹൃദയസ്പന്ദനവൈകല്യം കണ്ടുപിടിച്ച് അതിനെ ഉടൻ രോഗനിർണയം ചെയ്ത് സ്വയം ഷോക്കുകൊടുക്കുകയും ഹൃദയമിടിപ്പ് സാധാരണനിലയിലാക്കുകയും ചെയ്യുന്നു.



ഇപ്പോൾ അമേരിക്കയിൽ പ്രചാരത്തിലുള്ള ആപ്പിൾ വാച്ച് ഹാർട്ട് സെൻസർ കൈത്തണ്ടയിൽ കെട്ടിയാൽ സമയംമാത്രമല്ല അറിയുവാൻ പറ്റുക. സാധാരണയുണ്ടാകുന്ന ഏട്രിയൽ ഫിബ്രിലേഷൻ കണ്ടുപിടിക്കുകയും അതിനുതകുന്ന ചികിത്സ നിർദേശിക്കുകയും ചെയ്യുന്നു. നിർമിതബുദ്ധിയുടെ ഏറ്റവും പുതിയ പ്രവർത്തനഫലമായി ഹൃദയപേശികളിൽ സ്പന്ദനവൈകല്യങ്ങൾ ഉണ്ടാകുന്നതിനുമുമ്പുതന്നെ ആ സാധ്യത കണ്ടുപിടിച്ച് മുന്നറിയിപ്പു നൽകി കൃത്യമായ ചികിത്സ കൊടുക്കാൻ സാധിക്കും.

ഇന്ന് 'സ്റ്റെം സെൽ തെറാപ്പി' പ്രചാരത്തിലായിവരികയാണ്. പ്രാരംഭദശയിൽ ഈ ചികിത്സാരീതിക്ക് പല തടസ്സങ്ങൾ നേരിട്ടെങ്കിലും ഇന്നു നൂതന വിദ്യകളും നിർമിതബുദ്ധിയും കൂടി ഈ തെറാപ്പിക്ക് പുതിയ വിതാനങ്ങൾ നൽകുന്നു. ശരീരത്തിലെ മാതൃകോശങ്ങൾ വിഘടിച്ചു വളർന്ന് വിവിധ അവയവങ്ങളിലെ (ഹൃദയം, മസ്തിഷ്കം, അസ്ഥി, രക്താണു) അടിസ്ഥാന വിത്തുകോശങ്ങളായി പരിണമിച്ച് ആ അവയവത്തിന്റെ പൂർണവളർച്ചയ്ക്കു മൂലക്കല്ലാകുന്നു. ഇത്തരം മാതൃകോശങ്ങൾ സവിശേഷമായ ജനിതകമാറ്റങ്ങളിലൂടെ വളർത്തിയെടുത്ത് രോഗാതുരമായ പേശികളിൽ സന്നിവേശിപ്പിച്ചാൽ അവിടം റിപ്പയർ ചെയ്യുവാൻ പ്രാപ്തമാകുമെന്ന് ഗവേഷണങ്ങൾ തെളിയിക്കുന്നു. പ്രമേഹം, പാർക്കിൻസൺസ് രോഗം, അൽസ്ഹൈമർ, സ്ട്രോക്ക്, ഹൃദ്രോഗം, അർബുദം, ആർത്രൈറ്റിസ് തുടങ്ങിയവയുടെ ശാശ്വതമായ ചികിത്സയ്ക്ക് ആരോഗ്യമുള്ള മാതൃകോശങ്ങളുടെ പറിച്ചുനടീൽ പ്രയോജനപ്പെടുമെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞു. ഭ്രൂണകോശങ്ങളിൽനിന്നോ അസ്ഥികളുടെ മജ്ജയിൽനിന്നോ ഒക്കെ വേർതിരിച്ചെടുത്ത് ജനിതകമായ തയ്യാറാക്കലിലൂടെ വിത്തുകോശങ്ങളെ രോഗാതുരമായ ഭാഗത്ത് വച്ചുപിടിപ്പിക്കും.

സെന്റർ ഫോർ റിജനറേറ്റീവ് മെഡിസിനിലെ ഡയറക്ടർ ആന്ദ്രെ ടെർസിക് ഈയിടെ മയോക്ലിനിക്കിൽ വച്ചു നടത്തിയ വെളിപ്പെടുത്തലാണു ചരിത്രമാകുന്നത്. മനുഷ്യന്റെ അസ്ഥിയിലെ മജ്ജയിൽനിന്നു വേർതിരിച്ചെടുത്ത മാതൃകോശങ്ങളിൽനിന്ന് വിഘടിച്ചെടുത്ത 'കാർഡിയോ പോയെറ്റിക് കോശങ്ങൾ' ഹാർട്ടറ്റാക്കു വന്ന രോഗിയുടെ ഹൃദയപേശികളിൽ സ്ഥാപിച്ചാൽ അവ സാവധാനം വീണ്ടും പൂർവാരോഗ്യസ്ഥിതിയിലെത്തുകയാണ്. അങ്ങനെ ഹൃദയാഘാതത്തിന്റെ മാരകമായ സങ്കീർണതകളിൽനിന്ന് അദ്ഭുതകരമായി രക്ഷപ്പെടാൻ സാധിക്കും.




ഹൃദയവാൽവുകളുടെ ചികിത്സാരംഗത്തും പുത്തനധ്യായങ്ങൾ എഴുതിച്ചേർക്കപ്പെടുകയാണ്. ഹൃദയത്തിലെ സുപ്രധാനവാൽവുകളായ അയോർട്ടിക് വാൽവും മൈട്രൽവാൽവും ജന്മനായുള്ള കാരണങ്ങൾകൊണ്ടും റുമാറ്റിക്ഫീവർമൂലവും കാത്സ്യനിക്ഷേപംകൊണ്ടും ചുരുങ്ങുകയും പൂർണമായി അടയാതിരിക്കുകയും ചെയ്യുന്നു. അങ്ങനെ ഹൃദയ അറകളിൽ മുൻദിശകളിലേക്കും പിൻദിശകളിലേക്കും രക്തം നിറഞ്ഞൊഴുകുന്നു. ഇതു നാനാവിധ മാരകമായ രോഗാവസ്ഥകൾക്കു കാരണമാകുന്നു. രോഗം വന്ന് ഏറെ പഴകിയ വാൽവ് റിപ്പയർ ചെയ്യാൻ സാധിക്കില്ല; ഛേദിച്ചു മാറ്റി കൃത്രിമമായ ഒന്ന് അവിടെ സ്ഥാപിക്കണം. അതിന് ഇതുവരെ ടിഷ്യൂവാൽവുകളും ലോഹനിർമിതമായവയുമാണ് ഉണ്ടായിരുന്നത്. ശസ്ത്രക്രിയ ചെയ്തുവേണം അവ മാറ്റാൻ. എന്നാൽ, ശസ്ത്രക്രിയ കൂടാതെ കത്തീറ്ററിന്റെ അഗ്രഭാഗത്തു സ്ഥാപിച്ച സ്വയം വികസിത കൃത്രിമവാൽവുകൾ രോഗം വന്ന അയോർട്ടിക് വാൽവിന്റെ സ്ഥാനത്തും (റ്റാവി–TAVI) മൈട്രൽ വാൽവിന്റെ സ്ഥാനത്തും (TMVR - മൈട്രാക്ലിപ്പ്) സ്ഥാപിച്ച് ആവശ്യാനുസരണം വികസിപ്പിച്ച് ദൃഢമാക്കുന്നു. ഒന്നോ ഒന്നരയോ മണിക്കൂർകൊണ്ട് ചെയ്തുതീർക്കാവുന്ന ഈ രക്തരഹിതചികിത്സ ഇന്ന് ഹൃദയചികിത്സാരംഗത്ത് വിപ്ലവംതന്നെ സൃഷ്ടിക്കുന്നു. രോഗിക്ക് രണ്ടോ മൂന്നോ ദിവസങ്ങൾക്കുശേഷം വീട്ടിൽ പോവുകയും ചെയ്യാം.

ബയോണിക് പേസ്മേക്കർ ഇന്നു ഹൃദയപരാജയത്തിന്റെ ചികിത്സയിൽ പുത്തനുണർവ് നൽകുന്നു. സാധാരണ പേസ്മേക്കറുകൾ കുറഞ്ഞ ഹൃദയസ്പന്ദനവേഗത്തെ സാധാരണനിലയിലാക്കാനുള്ളതാണ്. അങ്ങനെ ശിരസ്സിലേക്കുള്ള രക്തപര്യടനം സുഗമമാക്കി ബോധക്ഷയമുണ്ടാക്കുന്നതിൽനിന്നു തടയുന്നു. സങ്കോചനശേഷി സാരമായി കുറഞ്ഞ ഹൃദയത്തിന്റെ സങ്കീർണതകൾ കുറയ്ക്കാനായിട്ടാണ് ബയോണിക് പേസ്മേക്കറുകൾ ഉദയം ചെയ്തത്. രോഗിയുടെ ശ്വാസോച്ഛ്വാസഗതിക്കനുസരണമായി പേസ്മേക്കറിന്റെ താളത്തെ ക്രമീകരിക്കുന്നതാണ് ബയോണിക് പേസ്മേക്കർ.

ഹൃദ്രോഗചികിത്സയിൽ വരാനിരിക്കുന്ന പ്രധാനപ്പെട്ട മുന്നേറ്റം 'കൊറോണറി ഇൻട്രാവാസ്കുലർ ലിത്തോട്രിപ്സി' യാണ്. സോണിക് മർദതരംഗങ്ങൾ ഉപയോഗിച്ച് ഹൃദയധമനികളിൽ പറ്റിപ്പിടിച്ചുകിടക്കുന്ന കാത്സ്യത്തെ പൊടിച്ചുകളയുന്നു. വൃക്കയിലെ കല്ലുകൾ പൊടിച്ചുകളയുന്ന ലിത്തോട്രിപ്സിയുടെ മാതൃകയാണ് ഈ ചികിത്സയുടെ അടിസ്ഥാനം. സ്റ്റെന്റ് സ്ഥാപിക്കുന്നതിനു മുമ്പായി ഈ സവിശേഷചികിത്സ നടത്തി ആൻജിയോപ്ലാസ്റ്റിക്ക് അനുയോജ്യമായ വിധത്തിൽ ധമനിയെ തരപ്പെടുത്തുന്നു.

കൊറോണറിധമനികൾ അടഞ്ഞു ഹാർട്ടറ്റാക്കോ മറ്റു മാരകമായ സങ്കീർണതകളോ ഉള്ള രോഗികൾ രോഗതീവ്രതയുടെ അടിസ്ഥാനത്തിൽ ആൻജിയോപ്ലാസ്റ്റിക്കോ ബൈപ്പാസ് സർജറിക്കോ അനുയോജ്യരല്ലെങ്കിൽ ചെയ്യാവുന്ന തെറാപ്പിയാണ് ട്രാൻസ് മയോകാർഡിയൽ റിവാസ്കുലറൈസേഷൻ (റ്റി.എം.ആർ.). പ്രത്യേകം സംവിധാനം ചെയ്യപ്പെട്ട ലേസർ നാളങ്ങൾ ഹൃദയഭിത്തികളിൽ മില്ലീമീറ്ററോളം വലുപ്പത്തിലുള്ള അതിസൂക്ഷ്മടണലുകൾ ഉണ്ടാക്കുന്നു. രക്തസഞ്ചാരം കുറഞ്ഞ ഹൃദയഭിത്തിയിലാണ് ഇത്തരം ചാനലുകൾ സൃഷ്ടിക്കുന്നത്. രക്തം ഈ ചാനലുകളിലൂടെ ഒഴുകിയെത്തുകയും ഇസ്കേമിയ മൂർച്ഛിച്ച പേശീവ്യൂഹങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നു. രക്തസഞ്ചാരം പുനഃസ്ഥാപിക്കാൻ മറ്റെല്ലാ വഴികളും അടയുന്ന സാഹചര്യത്തിലാണ് സാധാരണമായി ഈ നൂതന ചികിത്സ സംവിധാനം ചെയ്യപ്പെടുന്നത്.

■

# കലാലയങ്ങളിൽ കൊഴുക്കുന്ന കാടത്തങ്ങൾ



ഫാ. ഡോ. തോമസ് മൂലയിൽ



**വി**ദ്യാഭ്യാസം വരേണ്യവർഗത്തിന്റെ കുത്തകയും സാമാന്യജനങ്ങൾക്കു കിട്ടാക്കനിയുമായിരുന്ന കാലത്ത്, ശരാശരിക്കാർക്കും 'ചണ്ഡാലർക്കു'പോലും പ്രവേശനം നല്കി വിദ്യാലയങ്ങൾ സ്ഥാപിച്ചുകൊണ്ട് ചാവറയച്ചൻ കേരളത്തിൽ നവോത്ഥാനത്തിനു നാന്ദികുറിച്ചു. ഇന്ത്യയുടെ മുൻപ്രസിഡന്റ് ഡോ. എസ്. രാധാകൃഷ്ണൻ പറഞ്ഞത്, 'കേരളത്തിലെ ജാതീയവിവേചനങ്ങളെയും അനാചാരങ്ങളെയും തകർക്കാൻ വിദ്യാഭ്യാസത്തിലൂടെ വിപ്ലവം സൃഷ്ടിച്ച നവോത്ഥാനനായകനാണു ചാവറയച്ചൻ' എന്നാണ്. പൊന്നരുളിക്കവിറ്റുപോലും, പള്ളിയോടു ചേർന്നു പള്ളിക്കൂടം ആരംഭിക്കണമെന്ന ചാവറയച്ചന്റെ 1864 ലെ കല്പനപ്രകാരം കേരളത്തിലങ്ങോളമിങ്ങോളം ആയിരക്കണക്കിനു വിദ്യാലയങ്ങൾ ഉയർന്നു. മലയോരമേഖലയായ കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിലും അനേകം വിദ്യാലയങ്ങളുണ്ടായി. കാടുംമേടും തെളിച്ച്, കാട്ടുമൃഗങ്ങളോടു മല്ലടിച്ച്, പ്രകൃതിക്ഷോഭങ്ങളെപ്പോലും അതിജീവിച്ച്, ചോരനീരാക്കി കഷ്ടപ്പെട്ടു പടുത്തുയർത്തിയിട്ടുള്ളതാണ് ആ വിദ്യാലയങ്ങൾ. ആ സ്ഥാപനങ്ങളുടെ പ്രവർത്തനഫലമായാണ് അവിടങ്ങളിൽ ഇന്നു കാണുന്ന വിസ്മയകരമായ വികസനം ഉണ്ടായിട്ടുള്ളത്. ആ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ തുടർച്ചയും മകുടവുമാണ് മലമേൽ പണിത പ്രകാശഗോപുരംപോലെ തിളങ്ങിനിൽക്കുന്ന അമൽജ്യോതി കോളജ്!

മലയോരമേഖലയുടെ വികസനത്തിനാവശ്യമായ കാര്യങ്ങൾ ചെയ്യാൻ ഉത്തരവാദിത്വപ്പെട്ട സർക്കാരുകൾ ക്രിയാത്മകമായി പ്രവർത്തിക്കാതെ വന്നപ്പോഴാണ് കാഞ്ഞിരപ്പള്ളി രൂപത ഉന്നതവിദ്യാഭ്യാസത്തിനു മതിയായ പ്രാധാന്യം കൊടുത്ത് അമൽജ്യോതി കോളജ് പടുത്തുയർത്തിയത്. സുമനസ്സുകളായ നാട്ടുകാരുടെ സഹകരണവും സഹായവും കാഞ്ഞിരപ്പള്ളിരൂപതയുടെ ആസ്തിയിൽനിന്നുള്ള വിഹിതവുമായിരുന്നു ഇതിന്റെ മൂലധനം.

വേമ്പനാട്ടുകായലിന്റെ തീരത്ത് കൊച്ചിനഗരത്തിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന സർക്കാർസ്ഥാപനമായ മഹാരാജാസിന്റേതുപോലെയോ, തിരുവനന്തപുരം നഗരമധ്യത്തിലുള്ള യൂണിവേഴ്സിറ്റി കോളജിന്റേതുപോലെയോ ഉള്ള ഒരു ലൊക്കേഷനിലല്ല ഈ ഉന്നതവിദ്യാഭ്യാസസ്ഥാപനം സ്ഥിതി ചെയ്യുന്നത്. ഒരു മലമണ്ടയിലാണ് ഈ പ്രകാശഗോപുരം! സിൽവർ ലൈനിലൂടെയോ ഗോൾഡൻ ലൈനിലൂടെയോ ഒന്നും ഇവിടെ എത്തിപ്പെടാനാവില്ല. തോടും പുഴയും കടന്ന്, ഊടുവഴികളിലൂടെയും ഇടവഴികളിലൂടെയും നടന്ന്, കുന്നും മലയും താണ്ടി വേണം ഇവിടെ കയറിപ്പറ്റാൻ!

വിശാലമായ 60 ഏക്കർ വരുന്ന കാമ്പസിൽ 16.5 ലക്ഷം ചതുരശ്ര സ്ക്വയർമീറ്റർ വിസ്തൃതിയിൽ തീർത്തിട്ടുള്ള ഈ ബഹുനിലസമുച്ചയത്തിൽ 13 ഡിപ്പാർട്ടുമെന്റുകളിലായി 3275 വിദ്യാർഥികൾ പഠിക്കുന്നുണ്ട്. 10 വൈദികരും 7 സമർപ്പിതരും ഉൾപ്പെടെ 390 അധ്യാപകർ ഇവിടെ സേവനം അനുഷ്ഠിക്കുന്നു. 1300 പേർക്കുള്ള ജെൻസ് ഹോസ്റ്റലും 1200 പേർക്കുള്ള ലേഡീസ് ഹോസ്റ്റലും ഇവിടെയുണ്ട്. അച്ചന്മാരെന്നും കന്യാസ്ത്രീകളെന്നും കേൾക്കുമ്പോൾ കലിതുള്ളുന്ന ചാനൽതാരങ്ങളും രാഷ്ട്രീയനേതാക്കളും തങ്ങളുടെ ആൺമക്കളെ കോളജിലോ ഹോസ്റ്റലിലോ ചേർക്കേണ്ടിവരുമ്പോൾ ആദ്യം അന്വേഷിക്കുന്നത് അവിടെ അച്ചന്മാരാരെങ്കിലും ഉണ്ടോ എന്നാണ്, പെൺമക്കളെയാക്കുമ്പോൾ കന്യാസ്ത്രീകളുണ്ടോ എന്നും! വിദ്യാഭ്യാസക്കച്ചവടക്കാരെന്ന് മൈക്കുവച്ചുകെട്ടി പ്രസംഗിച്ച് ആക്ഷേപിക്കുന്ന വമ്പന്മാരും കൊമ്പന്മാരും ഫോൺവിളിച്ച് ഒരു അഡ്മിഷനുവേണ്ടി കേഴാൻ ഒരു ഉളുപ്പും കാണിക്കാറില്ല. സ്വാനുഭവത്തിൽനിന്നാണ് ഇതു പറയുന്നത് എന്നുകൂടി സൂചിപ്പിച്ചുകൊള്ളട്ടെ. റിസോർട്ടുകളും ഷോപ്പിങ് കോംപ്ലക്സുകളും നിർമിച്ച് പണം ഉണ്ടാക്കുന്നതിനുപകരം തലമുറകൾക്കു പ്രകാശം പകരുന്ന ഈ വിദ്യാലയകേന്ദ്രം പടുത്തുയർത്തിയതാണോ ആ രൂപത ചെയ്ത അപരാധം!

'എ' ഗ്രേഡോടെ 'നാക്' അക്രെഡിറ്റേഷൻ നേടി ഒന്നാം സ്ഥാനത്തെത്തുന്ന കേരളത്തിലെ ആദ്യത്തെ എൻജിനീയറിങ് കോളജാണ് അമൽജ്യോതി! പ്രൈം ഡിപ്പാർട്ടുമെന്റുകൾക്ക് പ്രശസ്തമായ എൻ.ബി.എ. അക്രെഡിറ്റേഷൻ കരസ്ഥമാക്കുന്ന ആദ്യത്തെ ന്യൂജനറേഷൻ എൻജിനീയറിങ് കോളജും അമൽജ്യോതിതന്നെ. ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഈ കോളജിന് 2015 മുതൽ എ.പി.ജെ. അബ്ദുൾ കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റിയുമായും അഫിലിയേഷൻ ഉണ്ട്. 2001-2014 കാലഘട്ടംമുതൽ എം.ജി. യൂണിവേഴ്സിറ്റിയുമായും അഫിലിയേഷനുണ്ട്. ഇതിനെല്ലാമുപരി, ലോകനിലവാരമുള്ള ഇൻഫ്രാസ്ട്രക്ച്ചർ, ടോപ്ഫ്ളൈറ്റ് ഫാക്കൽട്ടി, ഉന്നതവിജയശതമാനം, അതിപ്രശസ്തമായ പ്ലെയ്സ്മെന്റ് റെക്കോർഡ്, തനിമയേറിയ സ്റ്റുഡന്റ് പ്രോജക്ട്സ്, മികവുറ്റ സ്റ്റാർട്ടപ്പ് എന്നിങ്ങനെ അഭിമാനകരമായ ഒട്ടേറെ കാര്യങ്ങൾ ഇവിടെയുണ്ട്. ഈ വകകാര്യങ്ങൾ ഏതെങ്കിലും ചാനലിൽ പറഞ്ഞു കേൾക്കാനോ ഏതെങ്കിലും പത്രത്തിൽ വായിച്ചറിയാനോ കഴിഞ്ഞിട്ടില്ല!

എന്നാൽ, ശ്രദ്ധ സതീഷ് എന്ന വിദ്യാർഥിനിയുടെ ആത്മഹത്യ ചർച്ചചെയ്യാത്ത ചാനലോ എഴുതിക്കാണിക്കാത്ത പത്രമോ കേരളത്തിലില്ലപോലും! കേരളത്തിൽ ഒരു ആഭ്യന്തരകലാപം പൊട്ടിപ്പുറപ്പെട്ട പ്രതീതിയായിരുന്നു! ആ കുട്ടിയുടെ അതിദാരുണമായ അന്ത്യത്തിലുള്ള ദുഃഖമോ ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യമോ അതിന്റെ കാരണങ്ങളോ ഒന്നുമല്ലായിരുന്നു ചർച്ചാവിഷയം. ഏറ്റവും കൂടുതൽ വാർത്താപ്രാധാന്യം ഇത് കത്തോലിക്കാസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനമായിപ്പോയി എന്നതായിരുന്നു. എത്രയോ പെൺകുട്ടികൾ എത്രയോ സ്ഥാപനങ്ങളിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്! ഈ സംഭവം നടക്കുന്നതിനു രണ്ടാഴ്ചമുമ്പ്, സംസ്ഥാന നഗരിയിൽ ബാലരാമപുരം മദ്രസയിൽ ഒരു പെൺകുട്ടി ആത്മഹത്യ ചെയ്തത് കേവലം വാർത്തയായി തേഞ്ഞുമാഞ്ഞുപോയി. സർക്കാർ അനുമതിപോലുമില്ലാത്ത ഒരു സ്ഥാപനത്തിലാണ് സംഭവം നടന്നത് എന്നുമോർക്കണം. ഒരനക്കവും ഒരിടത്തുമുണ്ടായില്ല. ഒരു സമരവും പൊട്ടിപ്പുറപ്പെട്ടില്ല. ഒരു പ്രതിഷേധപ്രകടനംപോലുമുണ്ടായില്ല. അവിടെ തൊട്ടാൽ പൊള്ളുമെന്ന കാര്യം എല്ലാവർക്കും അറിയാം. ഏതായാലും, അമൽജ്യോതിയിലെ സമരം ഒത്തുതീർപ്പായതിനാലും അന്വേഷണം നടന്നുകൊണ്ടിരിക്കുന്നതിനാലും വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

ഇതിനു സമാന്തരമായി അരങ്ങേറിയ മറ്റൊരു സമരം കണ്ടില്ലെന്നു വയ്ക്കാനാവില്ല. ആ സമരം ഇപ്പോഴും കത്തിപ്പടർന്നുകൊണ്ടാണിരിക്കുന്നത്. സമരം അമൽജ്യോതിപോലെതന്നെയുള്ള ഒരു ഉന്നതവിദ്യാഭ്യാസകേന്ദ്രത്തിലാണ്. മഹാരാജാസ് കോളജ് എന്ന പേരുകേട്ട ഉന്നതവിദ്യാഭ്യാസകേന്ദ്രത്തിൽ! അമൽജ്യോതിക്കു പറയാനുള്ളത് സവിശേഷതകളാണെങ്കിൽ മഹാരാജാസിനു പറയാനുള്ളത് ദുർവിശേഷങ്ങളാണ്! അവിടെ വിദ്യാർഥികൾക്ക് അരുതുകളില്ല, അതിരുകളില്ല. ക്ലാസിൽ കയറണ്ടാ, ഹാജർ ആവശ്യമില്ല, പരീക്ഷ എഴുതണ്ടാ; എങ്കിലും ജയിക്കാം. ജയിച്ചില്ലേലും ജോലി ഉറപ്പാ! അവിടെ അഡ്മിഷന് എസ്.എഫ്.ഐ. കോട്ടാ ഉണ്ട്; ആ കോട്ടായിൽത്തന്നെ ജോലിയും കിട്ടും! ഒരു വിദ്യാർഥിക്ക് ഇതിൽ കൂടുതൽ എന്താണു വേണ്ടത്?

ദ്വിഭാഷിയുടെ സഹായംകൂടാതെ, ഇംഗ്ലീഷുകാരുമായി സംസാരിക്കുന്നതിന് ഇംഗ്ലീഷ് പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ക്ലാസ്മുറി മാത്രമായി 1845 ൽ തിരുക്കൊച്ചി രാജകുടുംബത്തിന്റെ വകയായി എളിയതോതിൽ ഒരു സ്ഥാപനമുണ്ടായി. ആ സ്ഥാപനം 1875 ൽ ഒരു കോളജ് ആയി ഉയർത്തപ്പെട്ടു. 1925 മുതൽ മഹാരാജാസ് കോളജ് എന്ന പേരിലാണത് അറിയപ്പെടുന്നത്. ഈ ഉന്നതവിദ്യാകേന്ദ്രത്തിൽനിന്ന് ഉന്നതവിജയം നേടി ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രശോഭിച്ചിട്ടുള്ള എത്രയോ മഹാവ്യക്തികളാണുള്ളത്! ഇന്നിപ്പോൾ ആ കോളജിന്റെ അവസ്ഥ തികച്ചും ലജ്ജാകരം എന്നല്ലാതെ എന്തു പറയേണ്ടൂ. സുപ്രസിദ്ധി കുപ്രസിദ്ധിയായി തലകീഴ്മറിഞ്ഞിരിക്കുന്നു! അമൽജ്യോതിയിൽ ശ്രദ്ധ സതീഷ് എന്ന ഒരു പെൺകുട്ടിയെ കേന്ദ്രീകരിച്ചാണു വിവാദം ഉണ്ടായതെങ്കിൽ മഹാരാജാസിൽ ആർഷോ, വൈശാഖ്, വിദ്യ എന്നീ മൂന്നു വിദ്യാർഥികളെ കേന്ദ്രീകരിച്ചാണ് വിവാദം ഉണ്ടായിരിക്കുന്നത്. ഇവരിലേക്കോ കേസിന്റെ നാൾവഴികളിലേക്കോ അതുണ്ടാക്കിയ വിവാദങ്ങളിലേക്കോ കടക്കുന്നില്ല.

ഒരു ഉന്നതവിദ്യാഭ്യാസസ്ഥാപനത്തിന് ഇതിൽ കൂടുതൽ എന്തപമാനമാണുണ്ടാകാനുള്ളത്? ഇതിലും നിർഭാഗ്യകരവും ലജ്ജാവഹവുമാണ് ഇവർക്കു സംരക്ഷണവലയം തീർക്കുന്ന രാഷ്ട്രീയപ്പാർട്ടിയുടെ ഭാഗത്തുനിന്നുള്ള പ്രതികരണങ്ങളും നടപടികളും. ജൂഡീഷ്യറി ഒഴികെ ഭരണസംവിധാനംമുഴുവൻ ഈ വിദ്യാർഥികൾക്കു പിന്തുണ നൽകുന്ന സ്ഥിതിവിശേഷം എത്രയോ ഭയാനകമാണ്. ഈ കുറ്റകൃത്യങ്ങൾക്കു വിദ്യാർഥികൾക്കൊപ്പം നിൽക്കുന്ന അധ്യാപകർ എന്തു സന്ദേശമാണ് നല്കുന്നത്? വെറും തൊഴിലാളി യൂണിയൻ നേതാക്കളായി തരംതാഴുന്ന അധ്യാപകർ ആ പേരിനുതന്നെ അപമാനമാണ്.

അമൽജ്യോതി കോളജിലെ കുട്ടികളെയോർത്ത് ഉന്നതവിദ്യാഭ്യാസമന്ത്രി വിലപിച്ചത് വിദ്യാർഥികളെ വരിഞ്ഞുമുറുക്കി ശ്വാസം മുട്ടിക്കുന്ന അന്തരീക്ഷം സൃഷ്ടിച്ചുവെന്നാണ്. ഇംഗ്ലീഷ് ഭാഷയിൽ ബിരുദാനന്തരബിരുദവും പിഎച്ച്.ഡി.യുമെടുത്തു കോളജ് അധ്യാപികയും വൈസ് പ്രിൻസിപ്പലുംവരെയായ മന്ത്രിയുടെ ഇംഗ്ലീഷ് പ്രസംഗം ഇന്ന് പള്ളിക്കൂടംപിള്ളേരെല്ലാം കാണാതെ പഠിച്ചു പറയാൻ തുടങ്ങിയിരിക്കുന്നു: "Whereever I go, I will take my house on my head..."!

■

Deepanalam Weekly

RNI No : 16998/68
Vol. 56 ■ No. 18 ■ Date of Publication 29 June 2023
■ Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

# തമ്പാൻസ്
# മേവട മെഡിക്കൽ സെന്റർ

Estd: 1925

**പി.ഒ. മേവട, കോട്ടയം - 686573**
**PH: 04822 - 269155, Mob: 9400869155** (വൈദ്യശാല)

- ദിവംഗതനായ വൈദ്യകലാനിധി മേവടത്തമ്പാന്റെ ദീർഘദർശനവും മാർഗ്ഗദർശിത്വവുംകൊണ്ടു വളർന്ന ഒരു സ്ഥാപനം. 98 ൽ പരം വർഷത്തെ സേവനപാരമ്പര്യം.
- ഫലപ്രദമായ നാനാതരം ഔഷധങ്ങൾ നിർമിക്കുന്നു.
- നേഴ്സിംഗ് ഹോമിൽ പിഴിച്ചിൽ, ധാര, നവരക്കിഴി തുടങ്ങിയ മറ്റു സ്നേഹ–സ്വേദ കർമ്മങ്ങളും നിർവഹിക്കുന്നു.

**ഫിസിഷ്യൻസ്**
1. ഡോ. കെ. ഗോപാലകൃഷ്ണൻ BAM, MBBS (Rtd. Civil surgeon) (എല്ലാ ദിവസവും)
2. കെ. രാജഗോപാൽ B.Sc. B.A.M (എല്ലാ ദിവസവും)


യശഃശരീരനായ
ശ്രീ തമ്പാൻ വൈദ്യൻ (കെ.കെ. കർത്താ)

90ൽ പരം വർഷങ്ങളിലൂടെ ആർജ്ജിച്ച വളർച്ചയും വിശ്വസ്തതയും...



നവീകരിച്ച വൈദ്യശാല

# S.S.V. ഫാർമസി
**കരിങ്കുന്നം P.O. തൊടുപുഴ**
**Ph: 04862 - 242287, 9496895411**

**എല്ലാവിധ ആയുർവ്വേദചികിത്സകൾക്കും ഔഷധങ്ങൾക്കും വിശ്വസ്തസ്ഥാപനം**
ചീഫ് ഫിസിഷ്യൻ : ഡോ. ജയഘോഷ് BAMS



**പരിശോധനാസമയം:** രാവിലെ 9.30 മുതൽ 1 വരെ
ഉച്ചകഴിഞ്ഞ് 3.30 മുതൽ 5.30 വരെ
ഞായർ അവധി

**ഹോമിയോ ക്ലിനിക്**
ഡോ. അനു ജയഘോഷ് BHMS

# എളുപ്പം ജോലി ലഭിക്കാൻ
# പാരാമെഡിക്കൽ കോഴ്സുകൾ
# കോട്ടയത്തും പാലായിലും





**Diploma & Degree Courses**

LAB, X-Ray,
CT, MRI, ANM,
Ayurveda nursing
Radiology

DMLT, BVoc MLT,
BSc RIT, BSc MLT,
DRIT, BVoc RIT

GDA COURSE (Care Giver Course - 3 Months)
കേരളസർക്കാർ ASAP ■ Paliative Care (MG University)

ഹോസ്റ്റൽ സൗകര്യം, ബസ് കൺസഷൻ,
യൂണിഫോം, കുറഞ്ഞ ഫീസ് & Excellent Coaching

**അഡ്മിഷൻ തുടരുന്നു**



പ്രമുഖ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും സ്കാനിംഗ് സെന്ററുകളിലും ലാബുകളിലും പരിശീലനം

**H.O: - S.H. സ്കൂൾ ഓഫ് മെഡിക്കൽ സയൻസ്**
നാഗമ്പടം ബസ് സ്റ്റാന്റിനു സമീപം, **കോട്ടയം**

**PH: 99462 999 68**
**99462 999 78**

**S.H. സ്കൂൾ ഓഫ് മെഡിക്കൽ സയൻസ്**
ചെറുപുഷ്പം ടവർ
സിവിൽ സ്റ്റേഷന് എതിർവശം, **പാലാ**

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org